

# കുമ്പിടി ലിറ്റിൽ ഫ്ളവർ ഇടവക

പഴയ കൊച്ചിരാജ്യത്തിന്റെ തെക്കേ അറ്റത്ത് ചാലക്കുടി പുഴയുടെ വലതുഭാഗം ചേർന്ന് കിടക്കുന്ന കുമ്പിടി, പാലിശ്ശേരി പ്രദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് കുമ്പിടി ഇടവക.

1927-ൽ വി. അന്തോണീസിന്റെ നാമധേയത്തിൽ നിർമ്മിച്ച കപ്പേളയാണ് കുമ്പിടിയിലെ ക്രൈസ്തവരുടെ ആദ്യത്തെ ആദ്ധ്യാത്മിക ഭവനം. തൃശ്ശിവപേരൂർ രൂപതയുടെ പ്രഥമ ഏതദ്ദേശീയമെത്രാൻ മാർ ഫ്രാൻസിസ് വാഴപ്പിള്ളി തന്റെ തിരുസ്വരൂപശേഖരത്തിൽ നിന്ന് ആശീർവദിച്ച് നല്കിയ തിരുഹൃദയ സ്വരൂപവും ഈ കപ്പേളയിൽ പ്രതിഷ്ഠിക്കപ്പെട്ടു. ശ്രീ. കണ്ണമ്പിള്ളി ഔസേഫ് അന്തോണിയാണ് കപ്പേള പണികഴിപ്പിച്ചത്.

## ദേവാലയം

ഒരേക്കർ 25 സെന്റ് സ്ഥലം ശ്രീ. കണ്ണമ്പിള്ളി ഔസേപ്പ് കോരത് സൗജന്യമായി നൽകി. 1952-ൽ ഗവണ്മെന്റിൽ നിന്നും പള്ളിപ്പണിക്കുള്ള അനുവാദം ലഭിച്ചു. രൂപതയിൽ നിന്നുള്ള അംഗീകാരവും കിട്ടി. 1953-ൽ ഫെബ്രുവരി 8-ാം തിയ്യതി ഞായറാഴ്ച മാർ ജോർജ്ജ് ആലപ്പാട്ട് അടിസ്ഥാന ശില പാകി. പൂവ്വത്തുശ്ശേരി വികാരിയായി ബഹു. ജോൺ ചെറുനിലം അച്ചൻ വന്നതിനുശേഷമാണ് പള്ളിപ്പണി ആരംഭിച്ചത്. 1954 ഏപ്രിൽ മാസം 20-ാം തിയ്യതി മാർ ജോർജ്ജ് ആലപ്പാട്ട് കുമ്പിടി ചെറുപുഷ്പദേവാലയം ആശീർവദിച്ചു. പിന്നീട് കുമ്പിടിയുടെ പടിഞ്ഞാറുഭാഗത്ത് വി. പത്താം പീയൂസിന്റെ നാമധേയത്തിൽ ഒരു കപ്പേളയും പണികഴിപ്പിച്ചു.

## സ്ഥിരവാസമുള്ള വികാരി

1962-ൽ ബഹു. ജോൺ അമ്പൂക്കനച്ചന്റെ നേതൃത്വത്തിലാണ് വൈദികമന്ദിരം പണികഴിപ്പിച്ചത്. 1965-ൽ ഇടവകയ്ക്ക് ആദ്യത്തെ തനത് വികാരിയായി ബഹു. ഇട്ടൂപ്പ് (ജോസഫ്) വലിയവീട്ടിലച്ചൻ നിയമിതനായി. ഈ കാലഘട്ടത്തിലാണ് പള്ളിപ്പറമ്പിൽ തെങ്ങ് വച്ചു പിടിപ്പിച്ചത്.

1976-ൽ തെക്കേ വിങ്ങിനോടുചേർന്ന് ചെറിയ ഹാളും 1979-ൽ നടപ്പുരയും നിർമ്മിക്കപ്പെട്ടു. 1978-ലാണ് 8 കുടുംബയൂണിറ്റുകൾ ആരംഭിച്ചത്.

## സ്ക്കൂൾ, കോൺവെന്റ്



കോൺവെന്റ് & ലിറ്റിൽഫ്ളവർ സ്ക്കൂൾ (സി.എം.സി.)

1979-ൽ കുമ്പിടി ലിറ്റിൽഫ്ളവർ എൽ.പി. സ്ക്കൂൾ നിലവിൽ വന്നു. 16.10.1979-ൽ സ്ക്കൂളിന് അംഗീകാരം ലഭിച്ചു. സ്ക്കൂളിനാവശ്യമായ ഒരേക്കർ സ്ഥലം വാങ്ങി സൗജന്യമായി കൊടുത്തുകൊണ്ട് ഇടവകക്കാർ സി.എം.സി. സന്യാസിനിസമൂഹത്തിന്റെ ഉദയ പ്രോവിൻസിനെ ഇടവകയിലേയ്ക്ക് സ്വാഗതം ചെയ്തു. സ്ക്കൂൾ നടത്തിപ്പ് അവരെ ഏല്പിച്ചു. എന്നാൽ 11.12.1985-ൽ ആണ് സ്ക്കൂൾ മാനേജ്മെന്റ് പൂർണ്ണമായും സി.എം.സി. സന്യാസിനിസമൂഹത്തിന് നല്കിയത്. 1982 മാർച്ച് 21-ന് സെന്റ് ആന്റണീസ് കോൺവെന്റ് സ്ഥാപിതമായി. ബഹു. ആന്റോ പാറേക്കാടനച്ചന്റെ നേതൃത്വത്തിലാണ് മണിമാളിക, സ്റ്റേജ് എന്നിവയുടെ നിർമ്മാണം നടന്നത്.

## പള്ളി പുനർനിർമ്മാണം

1988-ഓടുകൂടി ദേവാലയ പുനർനിർമ്മാണചർച്ച സജീവമായി. ഈ കാലയളവിൽ തന്നെ സെന്റ് ആന്റണീസ് കപ്പേളയുടെ പുനർനിർമ്മാണവും പാലിശ്ശേരി സെന്റ് സെബാസ്റ്റ്യൻ കപ്പേളയുടെ നിർമ്മാണവും നടന്നു. 1991 ജൂൺ 7-ന് റവ. ഫാ. സെബാസ്റ്റ്യൻ കരിപ്പായി വികാരിയായി ചുമതലയേറ്റു. 1991 ഡിസംബറിൽ നടന്ന പൊതുയോഗത്തിൽ പള്ളി പുനർനിർമ്മാണവും പുതുക്കിയ പിരിവും തീരുമാനിച്ചു. 1993 ഫെബ്രുവരി 7-ന് രൂപതാദ്ധ്യക്ഷൻ തന്നെ അടിസ്ഥാനശില പാകി.



പഴയ പള്ളി

ദേവാലയ നിർമ്മാണത്തോടൊപ്പം വൈദികമന്ദിരം ഒരു നിലകൂടി പണിത് കൂടുതൽ സൗകര്യപ്രദമാക്കി. 1995 ഒക്ടോബർ 28-ന് അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ ദേവാലയത്തിന്റെ പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ചു. ഇരിങ്ങാലക്കുട ബിഷപ്പ് മാർ ജെയിംസ് പഴയാറ്റിൽ, തൃശ്ശൂർ ബിഷപ്പ് മാർ ജോസഫ് കുണ്ടുകുളം എന്നിവർ സഹകാർമ്മികരായിരുന്നു.

## കപ്പേളകൾ

1996 ജൂലായിൽ ബഹു. ഇഗ്നേഷ്യസ് ചിറ്റിലപ്പിള്ളിയച്ചൻ വികാരിയായി വന്നു. വി. പത്താം പീയൂസിന്റെ കപ്പേള ഒരു നിലകൂടി പണിത് വി. മാർട്ടിൻ ഡി പോറസിന്റെ തിരുസ്വരൂപവും സ്ഥാപിച്ചു. 1998-ൽ രൂപതാ നിയമാവലിക്കനുസൃതമായി പ്രതിനിധിയോഗം നിലവിൽ വന്നു. മഹാജൂബിലി സ്മാരകമായി സ്റ്റേജ് പുതുക്കിപ്പണിതു. ഇടവകയുടെ വടക്കുഭാഗത്തായി ഒരു കപ്പേള നിർമ്മിച്ച്



വേളാങ്കണ്ണിമാതാ- വി.തോമാശ്ലീഹാ കപ്പേള



വി.അന്തോണീസിന്റെ കപ്പേള



സെന്റ് സെബാസ്റ്റ്യൻ കപ്പേള



വി.പത്താംപീയൂസ് കപ്പേള